**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5001** **01-11-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ദുരിതാശ്വാസ ക്യാമ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിയ്ക്കുന്നുണ്ട്; എത്ര കുടുംബങ്ങൾ പ്രസ്തുത ക്യാമ്പുകളിൽ കഴിയുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ ആകെ 154 ക്യാമ്പുകളിലായി 4443 കുടുംബങ്ങൾ കഴിയുന്നുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധിമായി ചേർക്കുന്നു. കണക്കുകൾ കാലാവസ്ഥക്കനുസരിച്ച കൂടുകയും കുറയുകയും ചെയ്യുന്നു. |
| (ബി) | കോവിഡ് ഉൾപ്പെടെയുള്ള രോഗങ്ങളുടെ വ്യാപനം തടയുന്നതിന് പ്രസ്തുത ക്യാമ്പുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; മതിയായ സൗകര്യങ്ങൾ ഇല്ലാത്തത് രോഗവ്യാപനം വർദ്ധിയ്ക്കാനിടയാക്കിയിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ആന്റിജൻ ടെസ്റ്റ് നടത്തിയാണ് ക്യാമ്പുകളിൽ ആളുകളെ പ്രവേശിപ്പിക്കുന്നത്. കോവിഡ് പരിശോധനയിൽ പോസിറ്റീവ് ആയിട്ടുള്ളവരെ CFLTC/CSLTC/DCC കളിലേയ്ക്ക് മാറ്റുകയും ബന്ധുക്കളെ പ്രത്യേക ക്വാറന്റൈനിലാക്കുന്നതുമാണ്. ക്യാമ്പുകളിൽ ഡോക്ടർ, നഴ്സ് എന്നിവർ ഉൾപ്പെടുന്ന മെഡിക്കൽ ടീമിനൊപ്പം വാളണ്ടയർമാരെയും വിന്യസിച്ച് പ്രത്യേക പരിശോധന നടത്തുന്നുണ്ട്. ക്വാമ്പുകളിൽ ശാരീരിക അകലം പാലിക്കുന്നതിനും മാസ്ക് ധരിക്കുന്നതിനും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തിയതുകൊണ്ട് ടി വിഷയത്തിൽ പരാതികൾ ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത ക്യാമ്പുകളിൽ കോവിഡ് ബാധിച്ചവർ എത്രയാണെന്ന കണക്കുകൾ ലഭ്യമാക്കാമോ; | (സി) | ക്യാമ്പുകളിൽ കോവിഡ് ബാധിച്ചവരുടെ ജില്ല തിരിച്ചുള്ളവരുടെ വിവരങ്ങൾ അനുബന്ധം-II ചേർത്തിട്ടുണ്ട്. |
| (ഡി) | കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ദുരിതാശ്വാസ ക്യാമ്പുകളിൽ കൂടുതൽ ആരോഗ്യ പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും സൗകര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ച പരാതികൾ പരിഹരിയ്ക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാമോ? | (ഡി) | ദുരിതാശ്വാസ ക്യാമ്പുകളിൽ തദ്ദേശ സ്വാപനത്തിന്റെയും മെഡിക്കൽ ടീമിന്റെയും സഹായത്തോടെ ആരോഗ്യ പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും സൗജന്യ മരുന്നുകൾ ലഭ്യമാക്കിയിട്ടുമുണ്ട്. പരാതികൾ ഉണ്ടെങ്കിൽ ആയത് പരിശോധിക്കുന്നതിന് മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

| ജില്ല | ക്യാമ്പുകളുടെ എണ്ണം | താമസിച്ചുവരുന്ന കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 2 | 19 |
| കൊല്ലം | 1 | 4 |
| പത്തനംതിട്ട | 15 | 144 |
| ആലപ്പുഴ | 55 | 1899 |
| കോട്ടയം | 22 | 920 |
| ഇടുക്കി | 30 | 641 |
| എറണാകുളം | 4 | 24 |
| തൃശ്ശൂർ | 8 | 509 |
| പാലക്കാട് | 6 | 140 |
| മലപ്പുറം | 4 | 66 |
| കോഴിക്കോട് | - | - |
| വയനാട് | 7 | 77 |
| കണ്ണൂർ | - | - |
| കാസറഗോഡ് | - | - |
| ആകെ | **154** | **4443** |

**അനുബന്ധം - II**

| **ജില്ല** | **ക്യാമ്പുകളിൽ കോവിഡ് ബാധിച്ചവരുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 5 |
| കൊല്ലം | - |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 4 |
| കോട്ടയം | 24 |
| ഇടുക്കി | 1 |
| എറണാകുളം | 7 |
| തൃശ്ശൂർ | - |
| പാലക്കാട് | 1 |
| മലപ്പുറം | - |
| കോഴിക്കോട് | - |
| വയനാട് | - |
| കണ്ണൂർ | - |
| കാസറഗോഡ് | - |
| **ആകെ** | **44** |